SUNDAY 22.07.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/07/2023.

1. കൃഷി വകുപ്പിന്റെ നാളികേര വികസന കൗൺസിൽ പദ്ധതിയുമായി ബന്ധപ്പെട്ട് അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ പോത്തൻകോട് കൃഷിഭവനിൽ എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നേരിട്ടെത്തിയോ ഗ്രൂപ്പ് മുഖേനയോ ബുക്ക് ചെയ്യാവുന്നതാണ്. 100 രൂപ വിലയുള്ള അത്യുൽപ്പാദന ശേഷിയുള്ള സാധാരണ ഇനത്തിനു WCT 50 രൂപയും, 250 രൂപ വിലയുള്ള ഹൈബ്രിഡ് (ടി x ഡി) ഇനത്തിന് 125 രൂപയും അടക്കേണ്ടതാണ്. തൈകൾ വാങ്ങാൻ വരുമ്പോൾ കരം അടച്ച രസീത് കൊണ്ടുവരേണ്ടതാണ്.

2. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ "ഉമ" ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

3. വാമനപുരം കൃഷിഭവനിൽ ഗുണമേന്മയുള്ള WCT തെങ്ങിൻതൈകൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ള കർഷകർ 2023-24 വർഷത്തെ കരമടച്ച രസീതുമായി കൃഷിഭവനിൽ എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470148 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യുകൾച്ചർ തൈകളും കറിവേപ്പിൻ തൈകളും അലങ്കാര ചെടികളും വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കോട്ടയം കപ്പാട് സർക്കാർ പന്നിഫാമിൽ നിന്നും ശുദ്ധജനുസ്സിൽപ്പെട്ട ലന്റ്റേസ്, ടു വേ ക്രോസ് പന്നിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ആവശ്യമുള്ളവർ 04828235621 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്;

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ ബാങ്കിംഗ് & മാനേജ്മെന്റിൽ 2023-24 അധ്യയനവർഷത്തെ എംബിഎ (അഗ്രി. ബിസിനസ് മാനേജ്മെൻറ്) കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 14.08.2023.

**പരിശീലന പരിപാടി**

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ആഗസ്റ്റ് 9 മുതൽ 11 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈമാസം 25, 26 തീയതികളിൽ കറവപ്പശു പരിപാലനം എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04892-234323 എന്ന നമ്പറിൽ വിളിച്ചോ 9188522706 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 24, 25 (ജൂലൈ 24,25) തീയതികളിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0471-2732918 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

10. **കാർഷിക നിർദ്ദേശം**

നെല്ലിന് ഒരു ഏക്കറിന് 140 കിലോ എന്ന തോതിൽ കുമ്മായം ഇട്ടു 10 ദിവസത്തിന് ശേഷം അടിവളം നന്നായി ചേർത്ത് കൊടുക്കുക. മണ്ണ് പരിശോധന അടിസ്ഥാനത്തിൽ വേണം രാസവളങ്ങൾ കൊടുക്കാൻ.

**വളപ്രയോഗം**

പൊതു ശുപാർശ അനുസരിച്ചു മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് അവസാനത്തെ പൂട്ടിന്റെ സമയത്തു 90 കിലോ രാജ്ഫോസ്, 40 കിലോ യൂറിയ, 15 കിലോ പൊട്ടാഷ് എന്നിവ ഒരു ഏക്കറിന് എന്ന തോതിൽ അടിവളമായി നൽകാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വെള്ളം നിയന്ത്രിക്കാൻ കഴിയാത്ത പാടങ്ങളിൽ ഞാറു പറിച്ചു നട്ടു 10 ദിവസത്തിനുള്ളിൽ ഈ വളങ്ങൾ നൽകാവുന്നതാണ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം